"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 28 .03. 2023

# "OPERATION HEALTH-WEALTH" : ഭക്ഷ്യ സുരക്ഷാ വകുപ്പിലെ വിജിലൻസ് പരിശോധന: വ്യാപക ക്രമക്കേടുകൾ കണ്ടെത്തി.

സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ചില ഉദ്യോഗസ്ഥർ അഴിമതി നടത്തി ഗുണമേന്മ കുറഞ്ഞ ആഹാരസാധനങ്ങൾ വിപണിയിൽ വില്ക്കുന്നതിന് ഒത്താശ ചെയ്ത് കൊടുക്കുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ (27.03.2023) രാവിലെ 11.00 മണി മുതൽ "OPERATION HEALTH-WEALTH":- എന്ന പേരിൽ സംസ്ഥാന ഭക്ഷ്യ സുരക്ഷ കമ്മീഷണറുടെ ഓഫിസിലും, പതിനാലു ജില്ലകളിലേയും അസിസ്റ്റന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുടെ ഓഫീസുകളിലും, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ കീഴിലുള്ള ലാബുകളിലും ഒരേ സമയം മിന്നൽ പരിശോധന നടത്തിയത്.

മിന്നൽ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് വിറ്റഴിക്കുന്ന ആഹാരസാധനങ്ങളുടെ സാമ്പിളുകൾ വ്യാപകമായി ശേഖരിക്കുന്നുണ്ടെങ്കിലും അതിന്മേൽ സംസ്ഥാനത്തെ ഒട്ടുമിക്ക ജില്ലകളിലും തുടർന്ന് നടപടികൾ സ്വീകരിക്കുന്നില്ല എന്നും വിജിലൻസ് കണ്ടെത്തി.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാർ ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബുകളിൽ അയച്ച് പരിശോധന നടത്തിയ ശേഷം "സുരക്ഷിതമല്ലാത്തത്" എന്ന് പരിശോധന ഫലം ലഭിക്കുന്ന ആഹാരസാധനങ്ങൾ വിൽക്കുന്നവരെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഒരു വർഷത്തിനകം വിചാരണ ചെയ്യണമെന്ന് ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്നു. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ

വകുപ്പിലെ ചില ഉദ്യോഗസ്ഥർ അഴിമതി നടത്തി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ അനുമതി വാങ്ങുന്നതിന് ഒരു വർഷത്തിലധികം കാലതാമസം എടുക്കുന്നതായും അതുവഴി കാലതാമസം ഉണ്ടായതിന്റെ പേരിൽ ഭക്ഷ്യ ഉത്പാദകർ/വിതരണക്കാർ/ ഇറക്കുമതി ചെയ്യുന്നവർ നിയമ നടപടികളിൽ നിന്നും രക്ഷപ്പെടുന്നതായും വിജിലൻസ് കണ്ടെത്തി.

ഇപ്രകാരം സുരക്ഷിതമല്ലായെന്ന ലാബ് പരിശോധനാ ഫലം ലഭിച്ചവയിൽ എറണാകുളം ജില്ലയിലെ പള്ളുരുത്തി ഭക്ഷ്യ സുരക്ഷാ ഓഫീസിലെ 11 ഉം പത്തനംതിട്ട ഭക്ഷ്യ സുരക്ഷാ ഓഫീസിലെ 10 ഉം കരുനാഗപ്പള്ളി ഭക്ഷ്യ സുരക്ഷാ ഓഫീസിലെ 2 ഉം, ചടയമംഗലം ഭക്ഷ്യ സുരക്ഷാ ഓഫീസിലെ 2 ഉം കോഴിക്കോട് ബേപ്പൂരിലെ ഭക്ഷ്യ സുരക്ഷാ ഓഫീസിലെ 17 ഉം, പാലക്കാട് ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലെ 38 ഉം, കോട്ടയം ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലെ 8 ഉം ആലപ്പുഴ ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലെ 7 ഉം, മലപ്പുറം ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലെ 6 ഉം ഭക്ഷ്യ ഉത്പാദകർ/വിതരണക്കാർ/ ഇറക്കുമതി ചെയ്യുന്നവർ എന്നിവർക്കെതിരെ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

ഭക്ഷ്യസുരക്ഷാ ലാബുകളിൽ നിന്നും "നിലവാരമില്ലാത്തത്", (substandard) "തെറ്റായ ബ്രാൻഡ്" (misbrand) എന്നിങ്ങനെ പരിശോധനാഫലം വരുന്ന ആഹാരസാധനങ്ങളുടെ ഉടമകളിൽ നിന്നും പിഴഒടുക്കുന്നതിനും, അതോടൊപ്പം കമ്പോളത്തിൽ നിന്നും പ്രസ്തുത ആഹാരസാധനങ്ങൾ പിൻവലിക്കേണ്ടതാണെന്നും ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു.ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാർ ഫീൽഡ് പരിശോധന വേളയിൽ എടുക്കുന്ന സാമ്പിളുകളിൽ "ഗുണനിലവാരമില്ലാത്തത്" (substandard), "തെറ്റായബ്രാൻഡ്" (misbrand) എന്നിങ്ങനെ ഫലം ലഭിക്കുന്ന ആഹാരസാധനങ്ങൾ തുടർനടപടികൾ സ്വീകരിക്കാതെ ചില ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ അഴിമതി നടത്തി പരിശോധനാഫലം നൽകുന്നത് വൈകിപ്പിച്ച് ഈ കാലയളവുകളിൽ പ്രസ്തുത നിലവാരമില്ലാത്തതും, തെറ്റായ ബ്രാൻഡുമായ ആഹാരസാധനങ്ങൾ വിറ്റ് തീർക്കുന്നതിന് സാഹചര്യം ഒരുക്കിനൽകുന്നതായും വിജിലൻസ് കണ്ടെത്തി.

ഇപ്രകാരം നിലവാരമില്ലാത്തത് /തെറ്റായ ബ്രാൻഡ് എന്ന പരിശോധനാ ഫലം ലഭിച്ച പത്തനംതിട്ട ജില്ലയിലെ 128 സാമ്പിളുകളിൽ നാളിതുവരെയും ഫൈൻ ഈടാക്കിയിട്ടില്ല എന്നും, കോട്ടയം ജില്ലയിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി ഓഫീസിൽ നടത്തിയ പരിശോധനയിൽ 2016-2020 വരെയുള്ള കാലയളവിൽ നിലവാരമില്ലാത്തത് എന്ന് പരിശോധനയിൽ തെളിഞ്ഞ 46 സാമ്പിളുകളിലും നാളിതുവരെ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ലായെന്നും കടുത്തുരുത്തി ഫുഡ് സേഫ്റ്റി

ഓഫീസിൻ നിന്നും 2022-2023 കാലയളവിൽ പ്രാഥമികമായി ശേഖരിച്ച 223 സാമ്പിളുകളിൽ 111 എണ്ണം നിലവാരമില്ലതതെന്നു ഫലം ലഭിച്ചിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും വിജിലൻസ് കണ്ടെത്തി.

ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സ്ഥലപരിശോധന വേളയിലും, മിന്നൽ പരിശോധനകൾ നടത്തുന്ന വേളയിലും ശേഖരിക്കുന്ന സർവൈലൻസ് സാമ്പിളുകളുടെ പരിശോധന ഫലം 14 ദിവസത്തിനകം ഭക്ഷ്യ സുരക്ഷാ ലാബുകളിൽ നിന്നും നൽകണമെന്നും അവയിൽ സുരക്ഷിതമല്ലാത്ത, (unsafe), നിലവാരമില്ലാത്ത, (substandard), "തെറ്റായബ്രാൻഡ്" (misbrand) എന്ന് പരിശോധനഫലം ലഭിക്കുന്ന ആഹാരസാധന സാധനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ വിശദമായ മഹസർ സഹിതം ഉടൻ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥ സംസ്ഥാനത്തെ ഒട്ടുമിക്ക സുരക്ഷ സുരക്ഷാ ഉദ്യോഗസ്ഥരും പാലിക്കുന്നില്ല എന്നും, അതുവഴി ഗുണനിലവാരമില്ലാത്ത ഭക്ഷ്യസാധനങ്ങൾ സംസ്ഥാനത്ത് ധാരാളമായി വിറ്റഴിക്കാൻ ഇടവരുന്നതായും വിജിലൻസ് കണ്ടെത്തി.

കാസർഗോഡ് ജില്ലയിൽ 14 ദിവസത്തിനുള്ളിൽ പരിശോധനാ ഫലം നൽകുന്നതിനു പകരം 3 മാസമായിട്ടും ലാബുകളിൽ നിന്നും പരിശോധനാ ഫലം നല്കിയിട്ടില്ലായെന്നും വിജിലൻസ് കണ്ടെത്തി. കൊല്ലം ജില്ലയിൽ 200 ഓളം സാമ്പിളുകളുടെ ഫലം ലാബുകളിൽ നിന്നും ലഭ്യമായിട്ടില്ലായെന്നും, 2022-2023 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി ഫുഡ് സേഫ്റ്റി ഓഫീസിൽ പരിശോധനക്ക് അയച്ച 80 സാമ്പിളുകളിൽ 58 എണ്ണത്തിനും നാളിതുവരെ പരിശോധനാ ഫലം ലഭ്യമായിട്ടില്ലയെന്നും വിജിലൻസ് കണ്ടെത്തി. പത്തനംതിട്ട ജില്ലയിലെ ആറൻമുള ഫുഡ് സേഫ്റ്റി ഒഫിസറുടെ കീഴിൽ 115 സാമ്പിളുകൾ 2021 -22 കാലഘട്ടത്തിൽ പരിശോധനക്കായി ലാബിൽ അയച്ചു എങ്കിലും ആയതിന്റെ റിസൽട്ട് 14 ദിവസതിനകം പരിശോധിക്കണമെന്ന ചട്ടം ലംഘിച്ചുകൊണ്ട് നാളിതുവരെയും പരിശോധന ഫലം ലഭ്യമായിട്ടില്ല എന്നും കോട്ടയം ജില്ലയിലെ വടവത്തൂർ ഭക്ഷ്യ സുരക്ഷാ ഓഫീസിൽ നടത്തിയ പരിശോധനയിൽ 2022 ഓഗസ്റ്റ് മാസം മുതൽ പരിശോധനക്ക് അയച്ച 29 സാമ്പിളുകളുടെ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ലയെന്നും വിജിലൻസ് കണ്ടെത്തി.

സാമ്പിൾ എടുക്കുന്ന വേളയിൽ വീഡിയോ ഗ്രാഫ് ചെയ്യുന്നതിലേക്ക് വേണ്ടി ഫുഡ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് വിജിലൻസ് മിന്നൽ പരിശോധന നടത്തിയ ഫുഡ് സേഫ്റ്റി കമ്മീഷണർ ഓഫീസുകളിൽ ഒന്നിൽ പോലും സാമ്പിൾ എടുക്കുന്നത് വീഡിയോഗ്രാഫ് ചെയ്യണമെന്നുള്ളത് സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ആരും അനുസരിച്ചിട്ടില്ല എന്നും വിജിലൻസ് കണ്ടെത്തി.

ഭക്ഷ്യവിതരണത്തിനായി സംസ്ഥാനത്ത് ലൈസൻസ് എടുത്തിട്ടുള്ള ഉത്പാദകർ, ഇറക്കുമതിക്കാർ, വിതരണക്കാർ എല്ലാവർഷവും മാർച്ച് 31 നകം വിറ്റുപോയ അളവ് അതാതു ഭക്ഷ്യസുരക്ഷ ഓഫീസർമാർ മുമ്പാകെ സമർപ്പിക്കണമെന്നും, അപ്രകാരം റിട്ടേൺസ് ഫയൽ ചെയ്തില്ലായെങ്കിൽ ദിനംപ്രതി 100/- രൂപ വീതം ഫൈൻ ഈടാക്കണമെന്നും നിയമം അനുശാസിക്കുന്നു. എന്നാൽ നിലവിൽ ഇപ്രകാരമുള്ള ലൈസൻസ് ലഭിച്ചവരിൽ കുറച്ചുപേർ മാത്രമേ റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളൂ എന്നും, അല്ലാത്തവർ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് തുടർ നടപടികളിൽ നിന്നും ഒഴിവായി വരുന്നതായും ഇത് അഴിമതിയാണെന്നും വിജിലൻസ് കണ്ടെത്തി.

ഇന്നലെ നടന്ന മിന്നൽ പരിശോധനയിൽ തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം റിട്ടേൺ ഫയൽ ചെയ്യാതെ തുടർ നടപടികളിൽ നിന്നും ഒഴിവായ 15 ലൈസൻസികൾ ഉണ്ടെന്നും കൊല്ലം ജില്ലയിൽ 143 ലൈസൻസികളും ഉണ്ടെന്നും വിജിലൻസ് പ്രാഥമികമയി കണ്ടെത്തി. മറ്റ് ജില്ലകളിൽ ഇപ്രകാരം റിട്ടേൺ ഫയൽ ചെയ്യാത്ത ലൈസൻസികളെ തുടർ പരിശോധനയിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും വിജിലൻസ് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ് അറിയിച്ചു.

പത്തനംതിട്ട ഫുഡ് സേഫ്റ്റി ഓഫീസിൻ കീഴിൽ 2022 ൽ ശേഖരിച്ച സാമ്പിളുകളിൽ 32 എണ്ണത്തിനും 2023 ൽ ലഭിച്ച സാമ്പിളുകളിൽ 72 എണ്ണത്തിലും യാതൊരു നടപടികളും സ്വീകരിച്ചു കാണുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി.

തിരുവനന്തപുരം അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസിൽ 53 ഫയലുകൾ രജിസ്റ്ററുകളിൽ പോലും രേഖപ്പെടുത്താതെയും മറ്റ് നടപടികൾ ആരംഭിക്കാതെയും പൂഴ്ത്തി വച്ചിരിക്കുന്നതായി വിജിലൻസ് കണ്ടെത്തി.

ഇന്നലെ നടന്ന മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളെപ്പറ്റി വിശദമായ റിപ്പോർട്ട് ഉടൻ തന്നെ സർക്കാരിന് കൈമാറുമെന്ന് ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ്-അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി.ഹർഷിത അത്തല്ലൂരി.ഐ.പി.എസ്-ന്റെ മേൽനോട്ടത്തിൽ നടത്തുന്ന

സംസ്ഥാമിന്നൽ പരിശോധനയിൽ പോലീസ് സൂപ്രണ്ട് (ഇന്റ്) ശ്രീ.ഇ.എസ്.ബിജുമോൻ നേതൃത്വം നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും മിന്നൽ പരിശോധനയിൽ പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.